ഉത്തരം

അഴുത ബ്ലോക്കിൽ എൻ. ആർ. ഇ. പി പദ്ധതിയിൽപ്പെട്ട ചെമ്മണ്ണൂർ-കമ്പിപ്പാലം റോഡിന്റെ പണി 1986-87-ലേക്കുള്ള ആനവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1986-87-ൽ തന്നെ പ്രസ്തുത പണി തുടങ്ങാൻ ഇടുക്കി ജില്ല പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തി 1986-87-ൽ ഗ്രൂപ്പ് ഹൗസിംഗ് സ്കീം പ്രകാരം നിർമ്മിക്കുന്ന വീടുകൾ

353. [459] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. പദ്ധതിയിൽ ഉൾപ്പെടുത്തി 1986-87 സാമ്പത്തിക വർഷത്തിൽ എത്ര വീടുകളാണ് ഗ്രൂപ്പ് ഹൗസിംഗ് സ്കീം പ്രകാരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം വിവിധ ജില്ലകളിലെ ഓരോ ബ്ലോക്കിലും എത്ര വീടുകൾ വീതമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 10,773 വീടുകൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കുറച്ചു വീടുകളുടെ നിർമ്മാണത്തിനു കൂടി അംഗീകാരം കൊടുക്കാൻ ഉദ്ദേശമുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) അനുവദിച്ച 10,773 വീടുകളുടെ ബ്ലോക്കുതല വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കോഴിക്കോട് ജില്ലയിലെ എൻ. ആർ. ഈ. പി. പദ്ധതി

354. [461] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ എൻ. ആർ. ഇ. പി. പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ മൊത്തം എത്ര രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) ബ്ലോക്ക് അടിസ്ഥാനത്തിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന സംഖ്യ എത്ര വീതമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1986-87-ൽ എൻ. ആർ. ഇ. പി. ക്ക് കോഴിക്കോട് ജില്ലയിൽ മൊത്തം 183.88 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) ബ്ലോക്ക് അടിസ്ഥാനത്തിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന സംഖ്യയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

† അനുബന്ധം—III
2/1061/V.

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കിന്റെ പേര്		ആറക ചെലവാക്കാനുദ്ദേശിക്കുന്ന തുക
1.	കോഴിക്കോട്	7,11,720 രൂപ
2.	കുന്ദമംഗലം	17,49,645 ,,
3.	കൊടുവള്ളി	14,03,670 ,,
4.	ചേലന്നൂർ	4,74,480 ,,
5.	പന്തലായിനി	3,36,090 ,,
6.	പേരാമ്പ	11,26,890 ,,
7.	മേലാടി	6,12,870 ,,
8.	ബാലുശ്ശേരി	14,53,095 ,,
9.	വടകര	2,22,470 ,,
10.	തോടന്നൂർ	3,65,745 ,,
11.	തൂണേരി	3,55,860 ,,
12.	കുന്നുമ്മേൽ	3,85,515 ,,

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികൾ പ്രകാരം പണി തീർന്ന റോഡുകൾ

355. [462] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികൾ പ്രകാരം എത്ര കിലോ മീറ്റർ റോഡിന്റെ പണി തീർന്നിട്ടുണ്ട് ;

(ബി) അതിന്റെ ജില്ല തിരിച്ച കണക്കുകൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 19842.33 കി. മീറ്റർ

(ബി) വിവരം ശേഖരിച്ചുവരുന്നു.

എൻ. ആർ. ഇ. പി. പദ്ധതിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച റോഡുകൾ

356. [463] ശ്രീ. റ്റി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം എൻ. ആർ. ഇ. പി. പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച റോഡുകൾ എത്ര ;

(ബി) അവയിൽ പൂർത്തിയായവ എത്ര ?

(സി) എൻ. ആർ. ഇ. പി. സ്കീമിൽപ്പെടുത്തി പണം ചെലവഴിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ നിയോജകമണ്ഡലത്തിലേയും എൻ. ആർ. ഇ. പി. പദ്ധതിയിൽ പണം അനുവദിക്കുന്നതിന് അധികാരി ആരെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly